"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി. 88 എൽ.എൽ-ന് അനുവദിച്ച എൻ.സി.ഡി.സി. ധനസഹായം ഡി - സാങ്ഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**295/2025/Co-Op** തീയതി, തിരുവനന്തപുരം, **19-06-2025**

---

പരാമർശം:-
1. എൻ.സി.ഡി.സി യുടെ **20/01/2014** ലെ **NCDC:5-21/2013/C,IC&SC/228/SA 30150** നം. കത്ത്
2. സ.ഉ.(സാധാ)നം.**232/2014**/സഹ തീയതി **20/03/2014**
3. എൻ.സി.ഡി.സി യുടെ **09/05/2024** ലെ **NCDC:34-1/2017(TVM)** നം. കത്ത്
4. സഹകരണ സംഘം രജിസ്ട്രാറുടെ **10/05/2025** ലെ പി&എം.എ(3)**12035/2024** നം. കത്ത്.

**ഉത്തരവ്**

കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി. **88** എൽ.എൽ.-ന് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള എൻ.സി.ഡി.സി. ധനസഹായമായി **135.00** ലക്ഷം രൂപ (ഓഹരി-**50.00** ലക്ഷം രൂപ, വായ്പ- **85.00** ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം എൻ.സി.ഡി.സി. യുടെ അനുമതി ലഭിക്കുകയും തുടർന്ന്, ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി **46.25** ലക്ഷം രൂപ (ഓഹരി-**25.00** ലക്ഷം രൂപ, വായ്പ-**21.25** ലക്ഷം രൂപ) പരാമർശം (2) ഉത്തരവ് പ്രകാരം സംഘത്തിന് അനുവദിച്ച് നൽകിയിരുന്നു.

2. ബാങ്കിന്റെ ഹെഡ് ഓഫീസ് കെട്ടിട നിർമ്മാണം, ഓഡിറ്റോറിയം, ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി ബാങ്കിന്റെ കെട്ടിടഫണ്ടിൽ നിന്നും പൊതുഫണ്ടിൽ നിന്നും **1** കോടി **70** ലക്ഷം രൂപ

ചെലവഴിക്കുന്നതിനുള്ള അനുമതി കണ്ണൂർ ജോയിന്റ് രജിസ്ട്രാർ നൽകിയതായും സംഘം നിർദ്ദിഷ്ട പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിനാൽ രണ്ടാം ഗഡു തുകയായ 88.75 ലക്ഷം രൂപ സംഘത്തിന് ആവശ്യമില്ലെന്നും ആയതിനാൽ തുക ഡീ-സാങ്ഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ സി. 88 എൽ.എൽ.-ന് ആസ്ഥാന മന്ദിര നിർമ്മാണത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള എൻ.സി.ഡി.സി. ധനസഹായമായി പരാമർശം (1) പ്രകാരം അനുവദിച്ച 135.00 ലക്ഷം രൂപയുടെ രണ്ടാം ഗഡു തുകയായ 88.75 ലക്ഷം രൂപ ധനസഹായം പാരാമർശം (3) ലെ നിബന്ധനകൾക്ക് വിധേയമായി ഡി-സാങ്ഷൻ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത സംഘത്തിന് അനുവദിച്ച എൻ.സി.ഡി.സി. ധനസഹായത്തിന്റെ ഒന്നാം ഗഡു തുക പൂർണ്ണമായും തിരിച്ചടവ് ചെയ്തിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,
തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/98/2025/ധന),
വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ. (ബി3/84/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 19-06-2025 17:13:06
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.